# രക്ഷ = കൃപയാലുള്ള വിശ്വാസം

## ഗലാത്യർ 5:1

സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറെച്ചു നിൽപ്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുതു.

മക്കൾ യഹോവ നൽകുന്ന ദാനമാണ്. ഇന്നു ആ ദാനത്തെ ചൊല്ലി വിലപിക്കാനും പ്രയാസപ്പെടാനുമാണ് ഭൂരിഭാഗം മതാപിതാക്കൾക്കും വിധിക്കപ്പെട്ടിരിക്കുന്നത്, കാരണം, അവർ വഴിതെറ്റിന്റെ അവസ്ഥയിൽ ആയിരിക്കുന്നു. ഒന്നു ചിന്തിച്ചാൽ ഇതിന്റെ കാരണം ഈ മതാപിതാക്കൾ തന്നെയാണെന്നതാണ് വാസ്തവം.

പൗലോസിനാൽ സ്ഥാപിതമായ ഗലാത്യ സഭ, ക്രിസ്തുവിനെയും അവനിലുള്ള വിശ്വാസത്തെയും അതിലൂടെയുള്ള നിത്യമായ രക്ഷയെയും കുറിച്ചുള്ള പൗലോസിന്റെ പഠിപ്പിക്കലിൽ നിന്നും വ്യതിചലിച്ച് പോകുകയുണ്ടായി. രക്ഷക്കായി കർത്താവിനെ സ്വീകരിക്കുന്നതിന്നു വേണ്ടി അവർ അവരുടെ സ്വന്ത ഇഷ്ടപ്രകാരം യഹൂദമതം അനുശാസിക്കുന്ന ചില നിയമങ്ങളും ഇതിലേക്ക് വലിച്ചിഴയ്ക്കുകയുണ്ടായി. ഇങ്ങനെ ചെയ്യുക വഴി രക്ഷയുടെ മാനദണ്ഡം എന്നുള്ളത് അവർക്ക് ഓരോരുത്തരുടെയും കർമ്മത്തിനനുസരിച്ചാണ് എന്നു വിശ്വസിക്കുവാൻ തുടങ്ങുകയും അതുവഴി രക്ഷയുടെ വഴി ക്രിസ്തുവിലുള്ള വിശ്വാസം മൂലം അവന്റെ കൃപയാൽ എന്നുള്ളതു കൂടാതെ ന്യായപ്രമാണത്തിന്റെ അനുഷ്ഠാനത്താലും രക്ഷിക്കപ്പെടും എന്നുള്ള ഒരു തെറ്റായ പഠിപ്പിക്കലിലേക്ക് അവർ ചെന്നെത്തി.

അതു മൂലം ക്രിസ്തുവിന്റെ, ഈ ഭൂമിയിലേക്കുള്ള ആഗമനത്തിന്റെയും കുരിശ്ശുമരണത്തിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും ഒക്കെ വില ഇല്ലാതാക്കുന്ന ഒരു തലത്തിലേക്ക് കാര്യങ്ങൾ ചെന്നെത്തുകയുണ്ടായി. ആ ഗലാത്യ സഭയോടുള്ള പൗലോസ്സിന്റെ ഉപദേശമാണിത്, ക്രിസ്തുവിലും അവൻ നമുക്കു വേണ്ടി അനുഭവിച്ച കഷ്ടാനുഭവങ്ങളിലും വിശ്വസിച്ച് അവനിലൂടെ മാത്രമേ നിത്യമായ രക്ഷ കടന്നു വരൂ എന്നുള്ള സത്യം മുറുകെ പിടിക്കുവാൻ അവൻ ആഹ്വാനം ചെയ്യുന്നു. ഒരിക്കൽ സാത്താന്റെ അടിമകളായിരുന്ന നമ്മെ ക്രിസ്തു തന്റെ ക്രൂശുമരണത്താൽ സകല പാപങ്ങളും പോക്കി നിത്യമായ സ്വാതന്ത്ര്യത്തിലേക്ക് കടത്തിക്കൊണ്ട് വന്നെങ്കിൽ വീണ്ടും ആ അടിമത്വത്തിലേക്ക് കടന്നു പോകരുത് എന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു.

ഈ മുന്നറിയിപ്പ് ഇന്നു നമുക്കും കൂടിയുള്ളതാണ്. ഇന്നു നമ്മിൽ പലരും ഗലത്യരെപ്പോലെയാണ്. യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിച്ചിട്ടും അതിൽ നിന്നു വ്യതിചലിച്ച് രക്ഷക്ക് തങ്ങളുടേതായ ചില മാനദണ്ഡങ്ങൾ മെനയുകയാണിന്നിവർ. അതുകൂടാതെ

മറ്റുള്ളവരെക്കൂടി ആ വഴിത്തെറ്റിലേക്ക് വലിച്ചിഴയ്ക്കുകയാണിവർ. അതുവഴി ദൈവമക്കളെ വീണ്ടും സാത്താന്റെ അടിമത്വത്തിലേക്ക് കടന്നുപോകുവാൻ നയിക്കുകയാണിവർ ചെയ്യുന്നത്. ക്രിസ്തു നമുക്കുവേണ്ടി കാൽവറിയിൽ അവന്റെ ഓരോ തുള്ളി രക്തവും ചൊരിഞ്ഞ് അവസാന തുള്ളിയും ഒഴുക്കിയതോട് കൂടി സകലരുടേയും പാപം പോക്കി അവരെ രക്ഷയിലേക്ക് നയിക്കുവാനുള്ള സകല നിയമവും, ദൈവം അതിന്നു മുന്നിയമിച്ചിരുന്ന ആവശ്യകതയുടെയും നിവൃത്തീകരണമാണവിടെയുണ്ടായത്. അങ്ങനെയെങ്കിൽ അവന്റെ കൃപയാൽ നമുക്ക് അവനിലുള്ള വിശ്വാസത്താൽ രക്ഷ അനുഭവിക്കാൻ കാരണമായിത്തീർന്നു.

റോമർ 10:4 “വിശ്വസിക്കുന്ന ഏവന്നും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു.”

തന്റെ ഏകജാതനായ പുത്രനെ നൽകുക വഴി ഈ ലോകത്തെ രക്ഷിക്കുവാൻ ദൈവം കാണിച്ച കൃപയോട് ഒന്നും കൂട്ടുവാനോ കുറക്കുവാനോ നമുക്ക് സാധിക്കുകയില്ല. അങ്ങനെ ആരെങ്കിലും നമ്മെ തെറ്റായ പഠിപ്പിക്കലിലേക്ക് നയിക്കുകയാണെങ്കിൽ അതിനെ ബോധപൂർവ്വം നിരസ്സിക്കുകയാണ് ഒരു ദൈവപൈതലിന്നുത്തമം. നമ്മുടെ രക്ഷ ദൈവകൃപയാൽ നമുക്ക് അവനിലുള്ള വിശ്വാസത്താൽ ലഭിക്കുന്നതാണ്. അതിന്നു കാരണമായി നമ്മുടേതായോ നമുക്കു ചെയ്യാവുന്നതായോ ഒന്നുമില്ല, അവനെ അനുസ്സരിച്ച്, അവന്റെ കൽപനകളിൽ അനുസ്സരണയുള്ളവരായി ആ രക്ഷ സ്വീകരിക്കുക മാത്രമാണ് നാം ചെയ്യേണ്ടത്. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

എഫേസ്യർ 2:8–9

കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല

ബ്രദർ. ബിനു ബേബി ആലപ്പുഴ 018